LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകളിൽ വികലാംഗർക്ക് സീറ്റ് സംവരണം

121 [3130] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
" ഇസ്ഹാക്ക് കുരിക്കൾ:
" കെ. എൻ. എ. ഖാദർ:
" പി. കെ. അബ്ദുറബ്ബ്:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ലോ ബോർഡ് സൂപ്പർഫാസ്റ്റ് ബസ്സുകളിൽ വികലാംഗർക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അക്കാര്യം സൂചിപ്പിക്കുന്ന ബോർഡുകൾ ബസ്സിൽ സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം മിക്ക ബസ്സുകളിലും പാലിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം ബസ്സ് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി എം. ഐഷാബീവിയുടെ പരാതി

122 [3131] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
" സി. മോയിൻകുട്ടി:
" ടി. പി. എം.സാഹിർ:
" സി. മമ്മൂട്ടി:
" പി.കെ.കെ.ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഫാമിലി പെൻഷൻ വാങ്ങിവരുന്ന ശ്രീമതി എം. ഐഷാബീവിയുടെ പെൻഷൻ കഴിഞ്ഞ രണ്ട് മൂന്ന് മാസമായി പകുതിയിലധികം കുറച്ചു നൽകുന്നതിനെ സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ കുറവ് ചെയ്യേണ്ട സമയത്ത് ഓഫീസിൽ ബന്ധപ്പെട്ടവർ കുറവ് വരുത്താത്തതുകൊണ്ട് സംഭവിച്ച പിഴവിന് പാവപ്പെട്ട നിർദ്ധനയും നിരക്ഷരയുമായ ഫാമിലി പെൻഷണറെ ശിക്ഷിക്കുന്നത് നീതിയാണോ;

(സി) അവരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് പെൻഷനിൽനിന്നും 500 രൂപ പിടിക്കുന്നതിന് പകരം 250 രൂപ വീതം കുറവ് ചെയ്യാൻ സ്പെഷ്യൽ കേസ്സായി പരിഗണിച്ച് ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ. പാർട്ട് III റൂൾ 117 എ അനുസരിച്ച് അധികമായി പെൻഷണർ വാങ്ങുന്ന തുക തിരികെ പിടിക്കുവാൻ സമ്മതപത്രം നൽകിയിട്ടുള്ളതും അധിക തുക തിരികെ പിടിക്കേണ്ടതുമാണ്.

(സി) അവരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം തിരിച്ചു പിടിക്കുന്ന തുക 500 രൂപയിൽ ലിന്നും 400 രൂപയായി കുറവ് ചെയ്തുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീകാര്യത്തുനിന്നും പോത്തൻകോട്ടേക്ക് സർവ്വീസ് നടത്തുന്ന ബസ്സുകളുടെ റൂട്ട് മാറ്റം

123 [3132] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യത്തുനിന്നും പോത്തൻകോട്ടേക്ക് ഉള്ള മിക്ക ബസ്സുകളും റൂട്ട് മാറുകയോ റദ്ദാക്കുകയോ ചെയ്യുന്നതുമൂലം യാത്രക്കാരനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ട് മാറ്റൽ/റദ്ദാക്കൽ നടപടി വികാസ്ഭവൻ ഡിപ്പോയിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാരും പാരലൽ റൂട്ട് സർവ്വീസുകാരും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീകാര്യത്തിനും പോത്തൻകോടിനുമിടയ്ക്ക് യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ ട്രിപ്പുകൾ ദിവസേന ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഇത്തരത്തിൽ ഒരു പരാതി കെ.എസ്.ആർ.ടി.സി.-യിൽ ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി ബസ്സ് ചെറായി ബീച്ച് വരെ നീട്ടാൻ നടപടി

124 [3133] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വൈപ്പിൻ പാലത്തിൽകൂടി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടത്തുമ്പോൾ അന്തർദേശീയ ടൂറിസ്റ്റുകേന്ദ്രമായ ചെറായിബീച്ചുവരെയും പ്രസ്തുത ടൂറിസ്റ്റുകേന്ദ്രം സ്ഥിതിചെയ്യുന്ന വെള്ളപ്പുറം പഞ്ചായത്തിന്റെ വടക്കേ അറ്റം വരെയും സർവ്വീസ് നീട്ടുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly